**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2252** **20-01-2021 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്നിലെ പുതിയ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . അബ്ദുൽ ഹമീദ് .പി . | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് എത്ര നിവേദനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം സ്ഥലങ്ങളിലാണ് മാവേലിസ്റ്റോർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ചേലാമ്പ്ര പഞ്ചായത്തിൽ കൊളകുത്ത് ദേവകിയമ്മ മെമ്മോറിയൽ ഫാർമസി കോളേജിനു സമീപം പുതിയ മാവേലി സ്റ്റോർ ആരംഭിക്കണമെന്നാവശ്യപ്പെട്ട് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എവിടെയെല്ലാമാണ് മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് അനുകൂലമായ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത നിവേദന പ്രകാരം അനുയോജ്യമായ കെട്ടിട സൗകര്യം കണ്ടെത്തുന്നതിന് ഡിപ്പോതലത്തിൽ ശ്രമം നടത്തിവരുന്നു. അതോടൊപ്പം നിലവിലെ സർക്കാർ ഉത്തരവിലെ മാനദണ്ഡപ്രകാരം 5 വർഷ വാടക രഹിത കെട്ടിടവും 1 ലക്ഷം രൂപയും അനുവദിക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് വിപണന സാധ്യതയുടേയും, ജീവനക്കാരുടെ ലഭ്യതയുടേയും കൂടി അടിസ്ഥാനത്തിൽ പുതിയ സപ്ലൈകോ വിൽപ്പനശാല അനുവദിക്കുന്നത് പരിഗണിക്കുന്നതാണ്. |
| (സി) | കാലതാമസം ഒഴിവാക്കി മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | വിപണന സാധ്യതയുള്ള പ്രദേശത്ത് അനുയോജ്യമായ കെട്ടിട സൗകര്യവും ജീവനക്കാരുടെ ലഭ്യതയും നിലവിലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ബന്ധപ്പെട്ട പഞ്ചായത്തുകൾ മുഖേന അനുവദിക്കേണ്ട അടിസ്ഥാന സൗകര്യവും ലഭ്യമായാൽ പുതിയ വിൽപ്പനശാലകൾ ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നില്ല. |

സെക്ഷൻ ഓഫീസർ